'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.എം. മധുസൂദനൻ, അക്കൗണ്ടന്റ് ശ്രീമതി. സിന്ധു കെ.കെ, സീനിയർ ക്ലാർക്കുമാരായ ശ്രീ. എം.എൻ സുരേഷ്, ശ്രീമതി. ബിൻസി മോൾ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1517/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/07/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.04.2014-ലെ ഇ6(എസ് സി 26/2013/ഐഡികെ) 39655/2013നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 27.06.2014-ലെ 5784/ഡി3/2014-വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 10.09.2014-ലെ 49404/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. സിന്ധു കെ.കെ, ശ്രീ. എം.എൻ സുരേഷ്, ശ്രീമതി. ബിൻസി മോൾ എന്നിവർ സമർപ്പിച്ച 08.12.2014-ലെ പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 25.05.2016-ലെ ഡി8-37280/2014നമ്പർ കത്ത്

## ഉത്തരവ്

ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരായ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പൊതുജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ യാതൊരുവിധ നടപടികളും സ്വീകരിക്കുന്നില്ലായെന്നും പ്രത്യേകിച്ച് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ അകാരണമായ കാലതാമസം വരുത്തുന്നതായും ഇത് സേവനാവകാശ നിയമത്തിന്റെ ലംഘനമാണെന്നും ഏകദേശ 52-ഓളം അപേക്ഷകളിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാതെ കാലതാമസം വരുത്തിയതായും ടി ക്രമക്കേടുകൾക്ക് ഇടവെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. മധുസൂദനനും, സീനിയർ ക്ലാർക്ക് ശ്രീമതി. ബിൻസി മോളും ഉത്തരവാദിയാണെന്നും, കൂടാതെ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ശ്രീമതി. ബിൻസി മോളും, സീനിയർ ക്ലാർക്ക് ശ്രീ. സുരേഷും, അക്കൗണ്ടന്റ് ശ്രീമതി. സിന്ധു കെ.കെ.യും തുക രേഖപ്പെടുത്തിയിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് ടി ക്രമക്കേടുകൾക്കുത്തരവാദികളായ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ. മധുസൂദനൻ, സീനിയർ ക്ലാർക്കുമാരായ ശ്രീമതി. ബിൻസി മോൾ, ശ്രീ. എം.എൻ. സുരേഷ്, അക്കൗണ്ടന്റ് ശ്രീമതി. സിന്ധു കെ.കെ. എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ

പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 5 ) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ 05.06.2012-ന് ശേഷം ഓഫീസ് ജീവനക്കാർക്ക് ജോലി വിഭജനം നടത്തി കൃത്യമായ ഓഫീസ് ഉത്തരവ് നൽകിയിട്ടില്ലെന്നും പൊതുജനങ്ങൾക്ക് നിശ്ചിതസേവനപരിധിക്കുള്ളിൽ സേവനങ്ങൾ നൽകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടത് ഭരണ മേധാവിയും സ്ഥാപനമേധാവിയുമായ 10.01.2014-ൽ ഇടവെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന 31.05.2014-ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. പി.എം. മധുസൂദനൻ ആയിരുന്നുവെന്നും ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് കൃത്യമായ ഓഫീസ് ഉത്തരവോ, ഇതു സംബന്ധമായ ജോലി നിഷ്കർഷിച്ച് നൽകിയിട്ടില്ലെന്നും, ആയതിനാൽ തന്റെ ഭാഗത്തുനിന്നും യാതൊരുവിധ വീഴ്ചയുമുണ്ടായിട്ടില്ലെന്ന ശ്രീമതി. ബിൻസിമോളുടെ വിശദീകരണം പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ 10.01.2014-ൽ ശ്രീമതി. ബിൻസി മോൾ, ശ്രീ. സുരേഷ്, ശ്രീമതി. സിന്ധു കെ.കെ. എന്നിവർ ക്യാഷ് ഡിക്ലറേഷൻ രജിസ്ററർ അവരുടെ കൈവശമുള്ള ക്യാഷ് രേഖപ്പെടുത്താതിരുന്നത് ശരിയായ നടപടിയല്ല എന്നിരുന്നാലും വിജിലൻസ് പരിശോധനയ്ക്കുശേഷം കൃത്യമായി ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുവെന്ന് ബോധ്യപ്പെട്ടതിനാലും ടിയാളുകളിൽ നിന്നും മനപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയായി പരിഗണിച്ച് ശിക്ഷാനടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടവെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി.എം. മധുസൂദനൻ സേവനത്തിൽ നിന്ന് വിരമിച്ചതിനാലും ആരോപണം ഗൗരവമേറിയതല്ലാത്തിനാലും ടിയാനെതിരെയുള്ള ശിക്ഷണ നടപടി അവസാനിപ്പിച്ചും, പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തുക രേഖപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിലും നിലവിൽ ആയത് കൃത്യമായി രേഖപ്പെടുത്തുന്നുവെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ശ്രീമതി. സിന്ധു കെ.കെ, സീനിയർ ക്ലർക്കുമാരായ ശ്രീ. എം.എൻ സുരേഷ്, ശ്രീമതി. ബിൻസി മോൾ, എന്നിവർക്കെതിരായ അച്ചടക്ക നടപടി "**സെൻഷർ** "നൽകിയും തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഇടവെട്ടി ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല.
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

File No.LSGD-EPB2/108/2015-LSGD

[redacted]

7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/474/2018/വിജി. തീയതി 06.07.2018 & 14.01.2019 പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/108/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ